"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/ബി2-3846/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 8-11-2017

# പരിപത്രം

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - Integrated Rural Technology Centre (IRTC) - അങ്കണവാടി പ്രവർത്തകർക്ക് ECCE പരിശീലനം സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1) 29-6-17-ലെ സ.ഉ(സാധാ) 417/2017/സാനീവ.
2) 5-10-17-ന് സാമൂഹ്യനീതി ഡയറക്ടറേറ്റ് അനക്സിൽ കൂടിയ സംസ്ഥാനതല അക്കാഡമിക് കമ്മിറ്റിയോഗ തീരുമാനം.
3) ICDS/B2-3846/17 തീയതി 19-8-2017-ലെ പരിപത്രം.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 33115 അങ്കണവാടികളിലെ പ്രവർത്തകർക്ക് ശൈശവപൂർവ്വകാല വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ അടിസ്ഥാന ഘടകങ്ങളിന്മേൽ തുടർ പരിശീലനം നടത്തി ശാക്തികരിക്കുക എന്ന ലക്ഷ്യത്തോടെ പാലക്കാട് കേന്ദ്രമായി പ്രവർത്തിയ്ക്കുന്ന ഇന്റർഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) എന്ന സ്ഥാപനം മുഖേന പരിശീലന പരിപാടി നടത്തുന്നതിനായി സൂചന (1) ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സൂചന (3) പ്രകാരം ECCE പരിശീലനം സംഘടിപ്പിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ശിശു വികസന പദ്ധതി ഓഫീസർമാർക്ക് ഒന്നാംഘട്ട പരിശീലനത്തിനുള്ള ഫണ്ടനുവദിച്ചിട്ടുള്ളതുമാണ്.

ECCE-യുമായി ബന്ധപ്പെട്ട ബൃഹത്തായ പരിശീലന പരിപാടിയുടെ ആദ്യഘട്ടം പാലക്കാട് IRTC-യിൽ ആരംഭിച്ചുകഴിഞ്ഞു. 3 ഘട്ടങ്ങളിലായാണ് BRG അംഗങ്ങൾക്ക് IRTC-യിൽ പരിശീലനം നൽകുന്നത്. BRG അംഗങ്ങളുടെ പരിശീലനം പൂർത്തിയാക്കി അതത് ICDS പ്രോജക്ടുകളിൽ തിരിച്ചെത്തികഴിഞ്ഞാൽ, ഓരോ ICDS പ്രോജക്ടിലേയും പഞ്ചായത്ത്/സെക്ടർതലത്തിൽ പരിശീലനം നടത്തുമ്പോൾ സ്വീകരിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾചുവടെ നൽകുന്നു.

1. ജില്ലയിലെ BRG അംഗങ്ങൾ IRTC-യിൽ നിന്നും പരിശീലനം പൂർത്തിയാക്കി അതത് ICDS പ്രേജക്ടുകളിൽ തിരിച്ചെത്തിയാൽ ഉടൻതന്നെ CDPO-മാർ BRG അംഗങ്ങളുടെയും ICDS സൂപ്പർവൈസർമാരുടേയും യോഗം സംഘടിപ്പിക്കേണ്ടതും പഞ്ചായത്ത്/സെക്ടർ പരിശീലനം നൽകുന്നതിലേയ്ക്കായുള്ള പരിശീലന കലണ്ടർ തയ്യാറാക്കേണ്ടതുമാണ്.
2. ജില്ലാ പ്രോഗ്രാം ഓഫീസർമാർ ഓരോ പ്രോജക്ടിലേയും CDPOയുടേയും പ്രോജക്ടിൽ നിന്നും ഒരു സൂപ്പർവൈസറുടെയും സംയുക്ത യോഗം ഉടൻതന്നെ വിളിച്ച് ചേർക്കേണ്ടതും CDPO-മാർ തയ്യാറാക്കിയ പരിശീലന കലണ്ടർ പരിശോധിച്ച് ഓരോ പരിശീലന പരിപാടിയിലും BRG അംഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തേണ്ടതുമാണ്. ഏതെങ്കിലും പ്രോജക്ടിൽ RP-മാരുടെ അഭാവം ഉണ്ടകുന്ന പക്ഷം തൊട്ടടുത്ത പ്രോജക്ടിൽ നിന്നും BRG അംഗങ്ങളെ പരിശീലനത്തിന് നിയോഗിക്കേണ്ടതാണ്.
3. ജില്ലാ പ്രോഗ്രാം ഓഫീസർമാർ വിളിച്ച് ചേർക്കുന്ന ടി യോഗത്തിൽ ജില്ലയിൽ നിന്നും IRTC-യിലെ പരിശീലനത്തിൽ പങ്കെടുത്ത എല്ലാ SCG (സ്റ്റേറ്റ് കോർ ഗ്രൂപ്പ്) അംഗങ്ങളേയും പങ്കെടുപ്പിക്കേണ്ടതാണ്.
4. അങ്കണവാടികളിലെ പ്രീ-സ്കൂൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്ത് പരിശീലന പ്രവർത്തനങ്ങളുടെ feed back ലഭ്യമാക്കുക, അങ്കണവാടി വർക്കർമാർക്ക് പുറമേ നിന്നുള്ള അക്കാദമിക് പിന്തുണ നൽകൽ എന്നിവയാണ് SCG അംഗങ്ങളുടെ ചുമതല.
5. CDPO-മാരിൽ നിന്നും ശേഖരിച്ച പരിശീലന കലണ്ടറിന്റെ അടിസ്ഥാനത്തിൽ ജില്ലാതല പരിശീലന കലണ്ടർ തയ്യാറാക്കി പ്രോഗ്രാം ഓഫീസർമാരുടെ മേലൊപ്പോടുകൂടി സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
6. ജില്ലയിൽ നടക്കുന്ന ECCE പരിശീലനപരിപാടിയെപ്പറ്റി അറിയിക്കുന്നതിനായി പ്രോഗ്രാം ഓഫീസർമാർ പരിശീലന കലണ്ടറിന്റെ പകർപ്പ് ജില്ലാ സാമൂഹ്യ നീതി ഓഫീസർക്കും സമർപ്പിക്കേണ്ടതാണ്.
7. സൂപ്പർവൈസർ/CDPO/പ്രോഗ്രാം ഓഫീസർമാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഈ പരിശീലന പരിപാടിയുടെ പ്രാധാന്യം ബോധ്യപ്പെടുത്തേണ്ടതും പരിശീലന പരിപാടിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തവും സഹകരണവും ഉറപ്പ് വരുത്തേണ്ടതുമാണ്.

8. ICDS സൂപ്പർവൈസർമാർ പഞ്ചായത്ത്/സെക്ടർതല പരിശീലന പരിപാടിയ്ക്കായിട്ടുള്ള അടിസ്ഥാന സൗകര്യം, പരിശീലന പരിപാടിയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ,മറ്റ് പ്രീ-സ്ക്കൂൾ മെറ്റീരിയൽസ് എന്നിവയുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.
9. എല്ലാ അങ്കണവാടി വർക്കർമാരും പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നു എന്ന് സൂപ്പർവൈസർമാർ ഉറപ്പവരുത്തേണ്ടതാണ്.
10. പഞ്ചായത്ത്/സെക്ടർതല പരിശീലനശേഷം പരിശീലന റിപ്പോർട്ടും ചെലവ് വിവരവും CDPO-യ്ക്ക് അതത് സൂപ്പർവൈസർമാർ സമർപ്പിക്കണം.
11. പരിശീലനത്തിന് ആവശ്യമായ പ്രീ-സ്ക്കൂൾ മെറ്റീരിയൽസ് പ്രീ-സ്ക്കൂൾ കിറ്റിൽ ഉൾപ്പെടുത്താൻ CDPO-മാർ ശ്രദ്ധിക്കണം.
12 പ്രോജക്ട്തല മീറ്റിംഗിൽ സൂപ്പർവൈസർമാർ തങ്ങൾ സന്ദർശിച്ച അങ്കണവാടികളിൽ പ്രീ-സ്ക്കൂൾ പ്രവർത്തനം സംബന്ധിച്ച് നല്ല അനുഭവങ്ങളെക്കുറിച്ചും പശ്നങ്ങളെക്കുറിച്ചും റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്.
13. CDPO-മാർ പ്രോജക്ടിലെ എല്ലാ സെക്ടറിലേയും/പഞ്ചായത്തിലേയും പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.
14. പ്രോഗ്രാം ഓഫീസർമാർ എല്ലാ പ്രോജക്ടുകളിലേയും പരിശീലന പരിപാടിയിൽ പങ്കെടുത്ത് വിലയിരുത്തൽ നടത്തേണ്ടതാണ്.
15. പരിശീലനത്തിനു ശേഷം ലഭിച്ച അറിവുകളും രീതികളും അങ്കണവാടികളി പ്രതിഫലിക്കുന്നുണ്ട് എന്നുള്ളത് സൂപ്പർവൈസർ,CDPO എന്നിവർ ഉറപ്പാക്കേണ്ടതാണ്.
16. പ്രോഗ്രാം ഓഫീസർമാർ ജില്ലാതല റിവ്യൂ മീറ്റിംഗുകളിൽ ടി പരിശീലന പരിപാടിയുടെഅവലോകനം നടത്തേണ്ടതും പോരായ്മകൾ കാണുന്ന സ്ഥലങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുമാണ്.
17. അങ്കണവാടി വർക്കർമാരുടെ ECCE പരിശീലനത്തിൽ ഒരു പരിശീലന കേന്ദ്രത്തിൽ ഒരുക്കേണ്ട സാമഗ്രികൾ ഈ പരിപത്രത്തോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു. ആയത് പരിശോധിച്ച് സിഡിപിഒമാർ ഉറപ്പ് വരുത്തുക.
18. എല്ലാ ഐസിഡിഎസ് പ്രോജക്ടിലേയും പരിശീലനം പൂർത്തിയാക്കിയ ജില്ലകളിൽ ഒരാഴ്ചക്കകം പഞ്ചായത്ത്/സെക്ടർ തലത്തിൽ ECCE പരിശീലനം ആരംഭിക്കേണ്ടതാണ്.

അക്കാദമിക് കമ്മിറ്റിക്ക് അങ്കണവാടി പ്രവർത്തകർക്കുള്ള പരിശീലനപരിപാടിയിൽ പങ്കെടുത്ത് വിലയിരുത്തൽ നടത്തുന്നതിലേയ്ക്ക് ഓരോ ജില്ലയിലേയും പരിശീലന കലണ്ടർ കമ്മിറ്റിക്ക് ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ BRG പരിശീലനം പൂർത്തിയാക്കിയ ജില്ലകളിലെ PO മാർ ജില്ലാതല പരിശീലന കലണ്ടർ ഒരാഴ്ചക്കകം ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതാണ്. പരിശീലന കലണ്ടറിന്റെ മാതൃക ഈ പരിപത്രത്തോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഈ പരിപത്രം CDPO-മാർ എല്ലാ സൂപ്പർവൈസർമാരുടേയും ശ്രദ്ധയിൽപ്പെടുത്തുകയും ടി വിവരം ജില്ലാ പ്രോഗ്രാം ഓഫീസർമാരെ അറിയിക്കേണ്ടതുമാണ്.

സാമൂഹ്യനീതി ഡയറക്ടർ ക്കുവേണ്ടി

ജികെ/8-11-17

# പ്രൊഫോർമ

## ECCEപരിശീലന കലണ്ടർ

| ജില്ല | പ്രോജക്ട് | പഞ്ചായത്ത്/സെക്ടർ | തീയതി | BRGഅംഗങ്ങളുടെ പേര് വിവരം |
|---|---|---|---|---|
| | | | | |

# അങ്കണവാടി അദ്ധ്യാപിക പരിശീലനം

**2017-18 3 ദിവസം**

## ബ്ലോക്ക്/പഞ്ചായത്ത് തലം

## ഒരുകേന്ദ്രത്തിൽ ഒരുക്കേണ്ട സാമഗ്രികൾ

1. രജിസ്ട്രേഷൻ : നോട്ടുബുക്ക്/പേന/പെൻസിൽ/വ്യക്തിഗത വിവര ഫോർമാറ്റ്/ഹാജർ രേഖപ്പെടുത്തുന്ന ഫോറം 0 3 ദിവസത്തേക്ക്
2. കളിപ്പാട്ട നിർമ്മാണം : പ്രാദേശികമായി കിട്ടുന്ന 10-12 വസ്തുക്കൾ - കമ്പ്, ഈർക്കിൽ, കടലാസ്, ചകിരി, ചിരട്ട, ഇലകൾ, മച്ചിങ്ങ, മുതലായവ
3. ചാർട്ടു പേപ്പറുകൾ കട്ടി കുറഞ്ഞവ- 20-25 എണ്ണം
4. മാർക്കർ പേന ഒരുപാക്കറ്റ് (ചുവപ്പ്, കറുപ്പ്, പച്ച, വയലറ്റ്)
5. സ്കെച്ച് പേന ഒരു പാക്കറ്റ് (ചുവപ്പ്, കറുപ്പ്, പച്ച, വയലറ്റ്)
6. അങ്കണത്തൈമാവ്/ അങ്കണപ്പൂമഴ പുസ്തകങ്ങൾ
7. തീം ചാർട്ട്-1
8. അയൽ, സ്റ്റാപ്ലർ, മുട്ടുസൂചി 4-5 ക്ലിപ്പുകൾ
9. എഴുതാനുള്ള വെള്ള കടലാസ്
10. കത്രിക 3-4 എണ്ണം
11. പശ
12. 2 അടി നീളമുള്ള വടി
13. കല്ലുകൾ 50 എണ്ണം (അര ഇഞ്ച്)
14. വിവിധ സെഷനുകൾക്ക് വേണ്ട വായനാ സാമഗ്രികൾ, പഠിതാക്കളുടെ എണ്ണത്തിനനുസരിച്ച് കോപ്പികൾ (അനുബന്ധങ്ങളിലുണ്ട്)
15. ബിഗ് ക്യാൻവാസ് (ഉണ്ടാക്കണം. ഹീറ്റ്ലോൺ/തെർമോകോൾ/ഫ്ളാനൽ തുണി, തുടങ്ങിയവ)
16. ദേവു, പട്ടം, കുഞ്ഞിക്കിളി, ചക്കിപ്പരുന്ത്, കട്ടൗട്ട് അല്ലെങ്കിൽ ചിത്രശലഭം/ചിലന്തി രാക്ഷസൻ/പൂക്കൾ
17. പാവകൾ-വീട്, കുടുംബാംഗങ്ങൾ, (കട്ടൗട്ടുകൾ, മുത്തച്ഛൻ, അമ്മ മുതലായവ)
18. ഒറിഗാമി- തൊപ്പിക്ക് ന്യൂസ് പേപ്പർ, വീടിന് നിറമുള്ള പേപ്പർ
19. ശാസ്ത്രകൗതുകം - പരീക്ഷണത്തിന് നിർദ്ദേശിച്ച വസ്തുക്കൾ - മൂന്നുതരം പച്ചിലകൾ, ചില്ലുഗ്ലാസ് 3, മഷി, സ്ട്രോ 10, ബലൂൺ 3, നൂൽ (കുറച്ച്) ഫ്രൂട്ടി സ്ട്രോ 3, ചെമ്പരുത്തി, ചെറുനാരങ്ങ 1, പുളി (അല്പം), മഞ്ഞൾ പൊടി, സോപ്പ് പൊടി, (ഒരു ടേബിൾ സ്പൂൺ) വെളുത്ത കോട്ടൺ തുണി (എല്ലാം അല്പം മാത്രം)
20. വലിയ വീട്, ചെറിയവീട്/ഇലകൾ/വട്ട
21. വർക്ക്ഷീറ്റ് പഠിതാക്കളുടെ എണ്ണം അനുബന്ധം നോക്കുക.
22. ക്രയോണുകൾ 2 പെട്ടി
23. ചിത്രം വരയ്ക്കാൻ എ4 പേപ്പറുകൾ
25. കുടുംബ ചിത്രങ്ങൾ മാസികകളിൽ നിന്ന് എടുത്തിട്ടുള്ളത് 5-10 എണ്ണം
26. മാസ്കുകൾ-ഫോട്ടോ കോപ്പി നൽകി അതുപയോഗിച്ച് മൃഗങ്ങൾ/മുത്തശ്ശി, പൂവ്/ഉറുമ്പ് മുതലാവ
27. അമ്മയും കുഞ്ഞും, അങ്കണപ്പൂമഴ പേജ്, ഫോട്ടോകോപ്പി ഒരാൾക്ക് ഒന്നു വീതം.

മേൽപറഞ്ഞവയിൽ മിക്കവാറും അങ്കണവാടി അദ്ധ്യാപികമാർക്ക് വിവരം കൊടുത്താൽ അവർ കൊണ്ടുവരും. ഉപകരണങ്ങൾ/സാമഗ്രികൾ ഒരു പ്രത്യേക സ്ഥലത്ത് വൃത്തിയായി വർഗ്ഗീകരിച്ച് വെക്കണം. സാധനങ്ങൾ ഉപയോഗിക്കണം. മിത വ്യായാമം പുലർത്തുകയും വേണം.